# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **899** **10.02.2016** – ൽ മറുപടിക്ക്

## കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ചന്ദ്രൻ**<br>**ശ്രീ.പി.കെ.ഗുരുദാസൻ**<br>**ശ്രീ.വി.ശിവൻകുട്ടി**<br>**ശ്രീ. എ. പ്രദീപ്കുമാർ** | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വാട്ടർ അതോറിറ്റിക്ക് പുതിയ പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ കാരണങ്ങളാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അധികമായി ഏർപ്പെടുത്തിയ ജലസേചനശേഷി എത്ര; ഏതൊക്കെ പദ്ധതികൾ വഴിയെന്നും അറിയിക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അധികമായി 794.28 mld ജലവിതരണശേഷി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വരൾച്ച പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കാമോ; പദ്ധതി വിഹിതത്തിന്റെ വിനിയോഗം ഫലപ്രദമാണോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ്? | (സി) വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സ്രോതസ്സ് വിപുലീകരണം, താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ, പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ, പമ്പിംഗ് സമയം കൂട്ടുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിക്ക് അനുവദിച്ച തുകകൾ കാലതാമസം കൂടാതെ വിനിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്